ലഭിച്ചിട്ടുണ്ട്. അന്വേഷണം സംബന്ധിച്ച സി.ബി.ഐ. യുടെ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഈ വിവരങ്ങൾ കിട്ടാത്തതുകൊണ്ടാകാം അദ്ദേഹം ഇത് സി.ബി.ഐ.-ക്ക് വിട്ടില്ല എന്നുപറഞ്ഞത്. സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്തും ഇപ്പോഴും ഒരേ എൻടിതന്നെയാണ് അവിടെ ഉണ്ടായിരുന്നത്. ക്രമക്കേടുണ്ടെങ്കിൽ ആ കാലത്തേത് മുഴുവൻ അന്വേഷിക്കട്ടെ. മാത്രവുമല്ല, കഴിഞ്ഞ 30 വർഷക്കാലമായി freedom with responsibility എന്ന നിലയിൽ എല്ലാ തൊഴിലാളി സംഘടനകളുടെയും പ്രതിനിധികളടങ്ങുന്ന ബോർഡാണ് കശുവണ്ടി കോർപ്പറേഷൻ ഭരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാപേർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. ഇതെല്ലാം സി.ബി.ഐ. അന്വേഷിക്കുന്നതിൽ കേരള ഗവൺമെന്റിന് യാതൊരു മടിയുമില്ല.

12.00 PM]

അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ ഭരിച്ച കാലത്ത് എന്ത് നടപടികൾ ഉണ്ടായിട്ടുണ്ടോ അതുപോലെതന്നെയാണ് ഇപ്പോഴും കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ട പോയിട്ടുള്ളത്. അഴിമതി ഉണ്ടായിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിന് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. സി.ബി.ഐ. അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തട്ടെ എന്നതന്നെയാണ് ഗവൺമെന്റിന്റെ ശക്തമായ നിലപാട്.

2. ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കൽ

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, കേരളത്തിൽനിന്നും സർക്കാർ ക്വാട്ടയിൽ ഹജ്ജിന് പോകുന്നവരുടെ അംഗസംഖ്യ വർദ്ധിപ്പിക്കണമെന്ന വിഷയം ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാനുദ്ദേശിക്കുന്നത്. കേരളത്തിൽനിന്നാണ് ഏറ്റവും കൂടുതൽ ഹജ്ജ് അപേക്ഷകരുള്ളത്. 2015-ൽ, 65165 അപേക്ഷകർ ഉണ്ടായിരുന്നു. അതുയും അപേക്ഷകരിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി അനുവദിച്ചത് 5858 പേർക്ക് മാത്രമുള്ള ക്വാട്ടയാണ്. അതുയും പേർക്ക് മാത്രമേ പോകാൻ സാധിച്ചിട്ടുള്ളൂ. ഇവിടെ രണ്ടുമൂന്നു വർഷങ്ങളായി ക്വാട്ട കുറഞ്ഞുവരികയാണ്. 2011- ൽ 41458 അപേക്ഷകരുണ്ടായിരുന്നു. അന്ന് 8591 പേർക്ക് ഹജ്ജിനു പോകാൻ അവസരം കിട്ടി. എന്നാൽ 2015-ൽ 65165 അപേക്ഷകർ ഉണ്ടായപ്പോൾ കേരളത്തിൽനിന്ന് 6135 പേർക്ക് മാത്രമേ പോകാൻ അവസരം കിട്ടിയിട്ടുള്ളൂ. അപേക്ഷകരുടെ അംഗസംഖ്യ 20000 വർദ്ധിച്ചപ്പോൾ 2000 സീറ്റ് കുറയുകയാണ് ചെയ്തത്. ഇത് വലിയ പ്രശ്നം ഉണ്ടാക്കുന്നുണ്ട്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയും മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സും കണക്കാക്കുന്നത് മുസ്ലീം ജനസംഖ്യയുടെ പ്രൊപ്പോർഷൻ അനുസരിച്ചുള്ള സീറ്റെന്നാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ അപേക്ഷകരുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഇത് തീരുമാനിക്കപ്പെട്ടാൽ കുറച്ചുകൂടി ക്വാട്ട കിട്ടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ ക്വാട്ട വർദ്ധിപ്പിച്ചുകിട്ടുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണം. ഹജ്ജ് കാര്യങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും കേരള ഗവൺമെന്റും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും സർക്കാരിലും ഇതിനാവശ്യമായ സമ്മർദ്ദം ചെലുത്തി അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും ഹജ്ജിന് പോകുന്നതിനുള്ള അവസരം നൽകണം. അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടും അവസരം ലഭിക്കാത്ത എണ്ണായിരത്തോളം ആളുകളുണ്ട്. അതുകൊണ്ട് ക്വാട്ട വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, രാജ്യത്തിന് കിട്ടുന്ന മൊത്തം എണ്ണത്തിൽനിന്ന് അപേക്ഷകൾ കൂടുതലുള്ള സ്ഥലത്ത് കൂടുതൽ ക്വാട്ട കൊടുക്കണമെന്നതെല്ലാം നമ്മുടെ ഡിമാന്റായിരുന്നു. കാരണം, കേരളത്തിലാണ് ഏറ്റവും കൂടുതൽ ഹജ്ജ് അപേക്ഷകർ വരുന്നത്. പക്ഷെ ഇതുവരെ കേന്ദ്ര ഗവൺമെന്റ് ആ നയം സ്വീകരിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായാണ് ക്വാട്ട കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ കേരളത്തിൽനിന്ന് അപേക്ഷിക്കുന്നവരുടെ എത്രയോ ചെറിയൊരു ശതമാനം ആളുകൾക്കുമാത്രമേ ഹജ്ജ് കമ്മിറ്റി മുഖാന്തിരം ഹജ്ജിന് പോകാൻ അവസരം ലഭിക്കുന്നുള്ളൂ. 70 വയസ്സായവർക്കും 4-5 പ്രാവശ്യം അപേക്ഷിച്ചവർക്കും നറുക്കെടുപ്പില്ലാതെ മുൻഗണന കൊടുക്കുന്നുണ്ട്. എന്തായാലും അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോർഷണേറ്റായി ക്വാട്ട കൊടുത്താൽ മാത്രമേ കേരളത്തിൽനിന്ന് കൂടുതൽ ആളുകൾക്ക് പോകാൻ കഴിയുകയുള്ളൂ. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അതിനുള്ള ശ്രമം തുടരും. ഇത്തവണ ഒന്നുകൂടി വളരെ സീരിയസ്സായി ആ കാര്യം നോക്കുന്നതാണ്.

3. കർഷകർക്ക് നഷ്ടപരിഹാരം

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കുട്ടനാട്ടിലെ നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരുടെ പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നതെങ്കിലും ഇത് കുട്ടനാട്ടിലെ മണ്ഡലത്തിൽ മാത്രമല്ല, സംസ്ഥാനത്തൊട്ടാകെ 2013-14-ലും 2014-15-ലും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ കേന്ദ്ര ഗവൺമെന്റ് എടുത്ത പുതിയ തീരുമാനംമൂലം കഴിയാതെ നിൽക്കുകയാണ്. ഈ പ്രശ്നം കഴിഞ്ഞ സഭയിലും ഞാനും വിവിധ എം.എൽ.എ.മാരും ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ഗവൺമെന്റ് നല്ലൊരു തീരുമാനം ഇവിടെ എടുക്കുകയുണ്ടായി. അതിനെ സ്വാഗതം ചെയ്യുകയാണ്. കാരണം, കേന്ദ്ര ഗവൺമെന്റ് വാഴക്ക് 100